സ്വർണ്ണത്തിന്റെ വിൽപ്പന നികുതി

174 (2412) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വർണ്ണത്തിന് വിൽപ്പന നികുതി എത്ര ശതമാനമാണെന്നും ഒരു വർഷം എത്ര കിലോ സ്വർണ്ണം വിൽക്കുന്നു എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിൽപ്പനയിലൂടെ ഒരു വർഷം എത്ര കോടി രൂപ വിൽപ്പന നികുതിയിനത്തിൽ ലഭിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) ബില്ല് നൽകാതെ നടക്കുന്ന സ്വർണ്ണ വിൽപ്പനയിലൂടെ നികുതി ഇനത്തിൽ ലഭിക്കേണ്ട എത്ര കോടി രൂപ നഷ്ടപ്പെടുന്നു എന്ന് വ്യക്തമാക്കുമോ ; ഇതു തടയാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം ബുള്ളിയൻ, സ്വർണ്ണ നാണയം എന്നിവയുടെ നികുതി നിരക്ക് 1 ശതമാനവും സ്വർണ്ണാഭരണങ്ങളുടെ നിരക്ക് 5 ശതമാനവുമാണ്. വ്യാപാരികൾക്ക് അവർ തെരഞ്ഞെടുക്കുന്നപക്ഷം വകുപ്പ് 6(1) അനുസരിച്ച് മേൽ പരാമർശിച്ചിട്ടുള്ള നിരക്കിൽ നികുതി ഒടുക്കുന്നതിനുപകരം വകുപ്പ് 8 അനുസരിച്ച് കോമ്പൗണ്ടഡ് വ്യവസ്ഥയിലും നികുതി ഒടുക്കാവുന്നതാണ്. വാണിജ്യ നികുതി വകുപ്പിന് സമർപ്പിക്കുന്ന റിട്ടേണുകളിൽ സ്വർണ്ണത്തിന്റെ തൂക്കം/അളവ് സംബന്ധിച്ച വിവരങ്ങൾ വ്യാപാരികൾ രേഖപ്പെടുത്തേണ്ടതായിട്ടില്ല. മാസത്തിലുള്ള മൊത്തം വിറ്റുവരവും അതിന് നിശ്ചിത നിരക്കിലുള്ള നികുതിയുമാണ് അവർ റിട്ടേണിൽ രേഖപ്പെടുത്തേണ്ട തായിട്ടുള്ളത്. ക്വാണ്ടിറ്റിവൈസ് ഡീറ്റെയിൽസ് വ്യാപാരികളുടെ കണക്ക് പുസ്തകങ്ങൾ പരിശോധിച്ചാൽ ലഭ്യമാകും. എന്നാൽ റിട്ടേൺ സ്ക്രൂട്ടിനിയിൽ എന്തെങ്കിലും പൊരുത്തക്കേടുകൾ കാണിക്കുമ്പോഴോ നികുതി വെട്ടിപ്പ് സംശയിക്കുന്ന വേളയിലോ മാത്രമേ കണക്കു പുസ്തകങ്ങൾ വകുപ്പ് പരിശോധിക്കാറുള്ളൂ. ആയതിനാൽ ഓരോ വ്യാപാരിയും എത്ര കിലോ സ്വർണ്ണം വിൽക്കുന്നുവെന്ന കണക്ക് ലഭ്യമല്ല.

(ബി) കഴിഞ്ഞ കൊല്ലം (2013-14) സ്വർണ്ണമേഖലയിൽ നിന്നും ലഭിച്ച മൊത്ത നികുതി വരുമാനം 491.53 കോടി രൂപയാണ്. ഇതിൽ 310.76 കോടി രൂപ കോമ്പൗണ്ടിംഗ് ഇനത്തിൽ ലഭിച്ച നികുതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മറ്റേതു കച്ചവടത്തേയും പോലെ സ്വർണ്ണത്തിലും കണക്കിൽപ്പെടാതെയുള്ള വിൽപ്പനകൾ നടത്തി നികുതി വെട്ടിക്കുന്ന സ്ഥിതിവിശേഷമുണ്ട്. ബില്ലോ വ്യാപാര സ്ഥാപനമോ ഇല്ലാതെയുള്ള കച്ചവടവും സ്യൂട്ട് കേസുകളിലും മറ്റും സുഗമമായി കടത്തുവാനുള്ള സൗകര്യവും കാരണം നികുതി ചോർച്ച ഈ മേഖലയിൽ കൂടുതലാണ്. സ്വർണ്ണത്തിന്റെ നികുതി ഘടനയിൽ രണ്ടുതരം നികുതിദായകരാണ് നിലവിലുള്ളത്. (1) പൊതുവിഭാഗത്തിൽപ്പെടുന്നവരും (2) കോമ്പൗണ്ടിംഗ് സമ്പ്രദായം തെരഞ്ഞെടുത്തവരും. സ്വർണ്ണ മേഖലയിൽ ഫലപ്രദമായ കടപരിശോധനയും സ്റ്റോക്ക് തിട്ടപ്പെടുത്തലും, കണക്ക് വിളിച്ചുള്ള റിട്ടേൺ/ അസസ്സ്മെന്റ് തീർപ്പാക്കലും പരീക്ഷിച്ച് പരാജയപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ഈ മേഖലയിൽ നിന്നും കൂടുതൽ വരുമാനം നേടുന്നതിനുവേണ്ടിയാണ് കോമ്പൗണ്ടിംഗ് വ്യവസ്ഥ നടപ്പിലാക്കിയിട്ടുള്ളത്. കേരളത്തിലെ വൻകിട സ്വർണ്ണവ്യാപാരികൾ മിക്കവരും കോമ്പൗണ്ടിംഗ് രീതിയിൽ നികുതി ഒടുക്കുന്നവരാണ്. ഏറെ നികുതി ചോർച്ചയുള്ള മേഖലയായിരിന്നിട്ടുകൂടി ആകർഷകമായ കോമ്പൗണ്ടിംഗ് വ്യവസ്ഥയിലൂടെ ഈ മേഖലയിൽ നിന്നും വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വകുപ്പ് 6 പ്രകാരം നികുതി ഒടുക്കുന്ന നോൺ കോമ്പൗണ്ടഡ് വ്യാപാരികളെ സംബന്ധിച്ച് അവർ സമർപ്പിക്കുന്ന പ്രതിമാസ റിട്ടേണുകളും കണക്കുകളും പരിശോധിക്കുകയും ആവശ്യമെങ്കിൽ കടപരിശോധന നടത്തി സ്റ്റോക്കുകൾ പരിശോധിച്ച് മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുവരുന്നുണ്ട്.

ഉഴവൂർ സബ്ട്രഷറിയുടെ കെട്ടിടനിർമ്മാണം

175 (2413) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഉഴവൂർ സബ്ട്രഷറിയുടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിന് LAC-ADF വഴി നിർമ്മാണം നടത്തുന്നതിന് ട്രഷറി വകുപ്പിന്റെ അനുമതിക്കായി ഇപ്പോൾ നിലവിൽ ട്രഷറി ഡയറക്ടറേറ്റിലുള്ള ഫയൽ നമ്പർ 8085/A1/2013 എന്ന ഫയലിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) കോട്ടയം ജില്ലാ ട്രഷറി ഓഫീസിൽ നിന്നും ഇതുസംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ ;

(സി) പഴയ ട്രഷറി ബിൽഡിംഗ് പൊളിക്കുന്നതിനുള്ള അനുമതി എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് 2010/ 2014/VIP/Min(Fi&L) നമ്പർ പെറ്റീഷനിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly